## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.897** 09.08.2017-ലെ മറുപടി

## കടിവെള്ള ക്ഷാമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ്: | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | സംസ്ഥാനത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ജനങ്ങൾക്ക് ഉപകാര പ്രദമായ പദ്ധതികൾ മുൻകൂട്ടി കണ്ട് നടപ്പിലാക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ മുൻകൂട്ടി കണ്ട് ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അനുമതിയും ഫണ്ടും ലഭിക്കുന്ന മുറക്ക് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| സി | തിരുവനന്തപുരം നഗരത്തിലെ പല പ്രദേശങ്ങളിലും വാട്ടർ അതോറിറ്റി ജീവനക്കാർ യാതൊരു മാനദണ്ഡവും ഇല്ലാതെ വാൽവുകൾ പൂട്ടുന്നതു കാരണം കുടിവെള്ളം ലഭിക്കാതെ വരുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ രൂക്ഷമായ വരൾച്ചയുടെ ഭാഗമായി ആവശ്യത്തിനുള്ള ശുദ്ധജലം പേപ്പാറ, അരുവിക്കര ഡാമുകളിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ നെയ്യാർ ഡാമിൽ നിന്നുള്ള വെള്ളമാണ് തിരുവനന്തപുരം നഗര പ്രദേശത്ത് എത്തിച്ചത്. ആവശ്യത്തിനുള്ള ജലം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം നഗര പ്രദേശങ്ങളിൽ ജലക്ഷാമം നേരിട്ടു എന്നത് വസ്തുതയാണ്. ആയതിനാൽ ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനു വേണ്ടി വാൽവുകൾ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നിയന്ത്രിച്ച് ജലം ലഭ്യമാക്കിയിരുന്നു. |
| ഡി | പേരൂർക്കട, മണ്ണാംമൂല ഭാഗത്തെ വാൽവ് ശരിയായ രീതിയിൽ തുറക്കാത്തതുമൂലം മണ്ണാംമൂല റസിഡന്റ്സ് അസോസിയേഷൻ ഭാഗത്ത് കുടിവെള്ളം ലഭിയ്ക്കുന്നില്ലാ എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഡി & ഇ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേരൂർക്കട, മണ്ണാംമൂല തുടങ്ങിയ പ്രദേശങ്ങൾ പേരൂർക്കട ടാങ്കിന്റെ പരിധിയിൽ വരുന്ന ഉയർന്ന പ്രദേശങ്ങളാണ്. കഴിഞ്ഞ വരൾച്ചാകാലത്ത് പേരൂർക്കട ടാങ്കിൽ ആവശ്യമായ ജലവിതാനം ലഭിക്കാത്തതിനാൽ ഈ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് ഈ പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി മറ്റു പ്രദേശങ്ങളിലേയ്ക്കുള്ള ജലവിതരണം നടത്തുന്ന വാൽവുകൾ രണ്ടു ദിവസത്തിലൊരിക്കൽ ക്രമീകരിച്ചിരുന്നു. ഇപ്പോൾ ഈ പ്രദേശങ്ങളിൽ ആവശ്യത്തിനുള്ള ജലം ലഭിക്കുന്നുണ്ട്. |
| ഇ | പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | | |
| എഫ് | അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ? | എഫ് | ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിൽ ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ